യായി സംഘടിച്ച മററു പാർട്ടികളും ചെയ്തതു്. 'തടങ്ങൽ ക്യാമ്പിലെ തെരഞ്ഞെടുപ്പ്'' എന്നു് ഇതിനെ വേണമെങ്കിൽ വിശേഷിപ്പിക്കാം.

ഇനിയോ? സർക്കാർകാര്യം മുറപോലെ നടക്കും. ചുരുങ്ങിയതു പത്തു ശതമാനം അംഗങ്ങൾ (126–ൽ, 13) തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ടാൽ അസാം നിയമസഭയ്ക്കു സമ്മേളിക്കാം. പത്തു ശതമാനമാണ് നിയമസഭയുടെ കോറം. അത്രയും പേർ ചേർന്നാൽ നിയമസഭയായി. അവർക്കു വേണമെങ്കിൽ ഒരു മന്ത്രിസഭയുണ്ടാക്കി ഭരണം നടത്താം. അവർ മന്ത്രിസഭയുണ്ടാക്കാൻ ശ്രമിച്ചു പരാജയപ്പെട്ടാൽ, കേന്ദ്രഗവണ്മെൻറിനു് അസാമിലെ രാഷ്ട്രപതിഭരണം രണ്ടു വർഷത്തേക്കുകൂടി നീട്ടുകയുമാവാം. നിയമത്തിൻെറ ദൃഷ്ടിയിൽ അസാമിൽ എല്ലാം ഭദ്രം.

ഇതിനോ ഇന്ത്യ സ്വാതന്ത്ര്യം നേടിയതു്?

(18 ഫെബ്രുവരി, 1983)

## 47. പഞ്ചാബ്

പഞ്ചാബിൽ എന്തു നടക്കുന്നു? എന്തുകൊണ്ടു്? അതറിയണമെങ്കിൽ പഴയ ചരിത്രം അല്പം ചികഞ്ഞുനോക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ മററു സംസ്ഥാനങ്ങളോടു കാണിച്ചിരുന്നതിൽ കൂടുതൽ പ്രതിപത്തി പഞ്ചാബിനോടു് ബ്രിട്ടീഷുകാർ പ്രദർശിപ്പിച്ചിരുന്നു. മററു സംസ്ഥാനങ്ങളിൽ കൃഷി മുഖ്യമായും മഴയെ ആശ്രയിച്ചു നടന്നുകൊണ്ടിരുന്നപ്പോൾ, പഞ്ചാബിൽ ജലസേചനത്തോടുകളുടെ വിപുലമായ ഒരു വലക്കെട്ടുതന്നെ ബ്രിട്ടീഷുകാർ നിർമിച്ചു. നിശ്ചിതമായ ജലസേചന സൗകര്യവും സിന്ധുനദിസമതലത്തിലെ മണ്ണിൻെറ അസാധാരണമായ വളച്ചെഴിപ്പും പഞ്ചാബികൾക്കു സഹജമായ അദ്ധ്വാനശീലവുംകൂടി ചേർന്നപ്പോൾ, ഇന്ത്യയിലെ ഏററവും അധികം സമ്പന്നമായ കാർഷിക പ്രദേശമായി പഞ്ചാബ്. പണക്കൊഴുപ്പുള്ള ലംബർദാർമാർ—ജമീന്ദാർമാരും, ജാഗീർദാർമാരും—പഞ്ചാബിൽ എത്രയെങ്കിലുമുണ്ടായിരുന്നു. അരോഗദൃഢഗാത്രരായ പഞ്ചാബികൾ, പ്രത്യേകിച്ചു സിക്കുകാരും മുസ്ലീങ്ങളും, ലോകത്തിൽ ഏററവും മികച്ച പട്ടാളക്കാരെന്ന പ്രശസ്തി വളരെ മുമ്പുതന്നെ നേടി. ബ്രിട്ടീഷ് ഇന്ത്യൻ സൈന്യത്തിൽ മുൻഗണന എക്കാലത്തും പഞ്ചാബികൾക്കായിരുന്നു. ബ്രിട്ടീഷ് സർക്കാർ നൽകിയ സ്ഥാനമാനങ്ങൾ നേടിയവരുടെ സംഖ്യയും പഞ്ചാബികൾക്കിടയിൽ ഒട്ടേറെയുണ്ടായിരുന്നു.

മതത്തെ അടിസ്ഥാനപ്പെടുത്തി ഇന്ത്യ വിഭജിക്കുമെന്നു് ഏതാണ്ടു തീർച്ചയായപ്പോൾ, പാക്കിസ്ഥാനും ഇന്ത്യയ്ക്കും മദ്ധ്യത്തിൽ സ്വതന്ത്രമായ ഒരു സിക്കുരാഷ്ട്രം സ്ഥാപിക്കുവാൻ കഴിഞ്ഞേക്കുമെന്ന അതിമോഹം ചില സിക്കു് നേതാക്കൾക്കു് ഉണ്ടായി. ഇങ്ങനെയൊരു സിക്കു് രാഷ്ട്രം സ്ഥാപിക്കുന്നതിനായി ഇന്ത്യയ്ക്കെതിരെ ജിന്നയുമായി കൂട്ടുചേർന്നു പ്രവർത്തിക്കാൻപോലും പ്രമാണികളായ ചില സിക്കുകാർ തയ്യാറാകുകയുണ്ടായെന്നു പറയപ്പെടുന്നു. എന്നാൽ, ഇന്ത്യാവിഭജനവും, അതിനു തൊട്ടുമുമ്പും പിമ്പുമുണ്ടായ ഭീകരമായ രക്തച്ചൊരിച്ചിലും, ഈ ദിശയിലുള്ള പ്രവർത്തനത്തിനു തടസ്സം സൃഷ്ടിച്ചു. വിഭജനത്തിൻെറ ദുഷ്ഫലങ്ങൾ ഏററവുമധികം അനുഭവിച്ചതു് പഞ്ചാബ് ആയിരുന്നുവല്ലോ. ഭൂമിശാസ്ത്രപരമായും സാമ്പത്തികമായും ഒരൊററ ഘടകമായ പഞ്ചാബ് രണ്ടായി വെട്ടിമുറിക്കപ്പെട്ടു. ഇന്ത്യയിൽ തുടർന്ന കിഴക്കൻ പഞ്ചാ

ബിൽനിന്ന പാക്കിസ്ഥാനിൽ ചേർക്കപ്പെട്ട പടിഞ്ഞാറൻ പഞ്ചാബി ലേക്കം മറിച്ചും, വമ്പിച്ച തോതിൽ അഭയാർത്ഥിസംഘങ്ങരം പ്രവഹിച്ചു. പാക്കിസ്ഥാനിൽനിന്ന ഹിന്ദുക്കളം സിക്കകാരും, ഇന്ത്യയിൽനിന്ന മുസ്ലിങ്ങളം, സർവസ്വവും വിട്ടെറിഞ്ഞ് ഓടി രക്ഷപ്പെട്ടു. അവർക്കിടയിൽ കൊലയ്ക്കം ബലാത്സംഗത്തിനം കൊള്ളിവെപ്പിനം കവർച്ചയ്ക്കം അറുതിയുണ്ടായിരുന്നില്ല. ഈ ദാരുണസംഭവങ്ങരം രണ്ടു പഞ്ചാബുകളിലുമുള്ളവരുടെ ഹൃദയങ്ങളിൽ ആഴമേറിയ ആഘാതങ്ങളുണ്ടാക്കി. കിഴക്കൻ (ഇന്ത്യൻ) പഞ്ചാബിലെ സിക്കകാരും ഹിന്ദുക്കളം ആപദ്ഘട്ടത്തിൽ തങ്ങളുടെ പരസ്പരമത്സരം മറന്നു. ഒരു സ്വതന്ത്ര സിക്ക്രാഷ്ട്രം സ്ഥാപിക്കണമെന്ന വാദം തല്ക്കാലം വിസ്മൃതിയിലാണ്ടു.

പഞ്ചാബിൽ എട്ടു നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. ഇവ ഒന്നിച്ചു ചേർത്ത് 'പെപ്സു' എന്ന സ്റ്റേററ് 1948-ൽ രൂപവല്ക്കരിച്ചു. അപ്പോഴേക്ക്, ഭാഷയെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങരം പുനസ്സംഘടിപ്പിക്കണമെന്ന വാദം ഇന്ത്യയിലെങ്ങും ശക്തിയാർജിച്ചിരുന്നു. പഞ്ചാബിഭാഷ സംസാരിക്കന്നവർക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങരം ഒന്നിച്ചുചേർത്ത് ഒരു പഞ്ചാബി ഭാഷാസംസ്ഥാനം രൂപവല്ക്കരിക്കവാനുള്ള പ്രക്ഷോഭണം ഇക്കാലത്ത് പഞ്ചാബിലെ ഏതാനം സിക്കകാർ ആരംഭിച്ചു. ഇതാണ് 'പഞ്ചാബിസൂബ' പ്രക്ഷോഭണം. പക്ഷേ, ഒരു പഞ്ചാബി ഭാഷാസംസ്ഥാനം രൂപവല്ക്കരിക്കക അന്നത്തെ നിലയിൽ വിഷമമായിരുന്നു. പഞ്ചാബ്, പെപ്സു എന്നീ സംസ്ഥാനങ്ങളിൽ മൂന്നു ഭാഷകരം പ്രചരിച്ചിരുന്നു. ഈ ഭാഷകരം സംസാരിക്കന്നവർ വ്യത്യസ്ത മേഖലകളിലല്ലാതെ, ഇടകലർന്നു താമസിക്കകയും ചെയ്തിരുന്നു. സിക്കകാർ വിശുദ്ധലിപിയായി കരുതിവരുന്ന 'ഗുരുമുഖി'യിൽ എഴുതുന്ന പഞ്ചാബിഭാഷയും, ദേവനാഗരിയിലെഴുതുന്ന ഹിന്ദിയും, ആയിരുന്നു ഈ സംസ്ഥാനങ്ങളിൽ മിക്കവരുടെയും മാതൃഭാഷകരം. അതേസമയം ഉർദു ആയിരുന്നു ഇവിടങ്ങളിലെ വിദ്യാഭ്യാസഭാഷയും കോടതിഭാഷയും. ദിനപ്പത്രങ്ങളിലധികവും ഉർദുവിലായിരുന്നു. പഞ്ചാബി ഭാഷയിൽ സാഹിത്യം കറവായിരുന്നു. അതിനാലും, പഞ്ചാബിലെ ഹിന്ദുക്കരംക്കിടയിൽ പ്രചരിച്ചിരുന്ന 'ആര്യസമാജ'ത്തിന്റെ ഭാഷ ഹിന്ദിയായിരുന്നതിനാലും ഹിന്ദിക്ക് കേന്ദ്രസർക്കാരിന്റെ ഭരണഭാഷയെന്ന പദവി നൽകപ്പെട്ടിരുന്നതിനാലും മററും പഞ്ചാബിലെ ഹിന്ദുക്കരം തങ്ങളുടെ മാതൃഭാഷ ഹിന്ദിയാണെന്നു പറയാൻ തുടങ്ങി. ഹിന്ദിയും പഞ്ചാബിയും തമ്മിൽ, ലിപിയിലും ചില ഉച്ചാരണങ്ങളിലുമല്ലാതെ, വ്യത്യാസം വളരെ കറവാണ്. ഒരു ഭാഷ സംസാരിക്കന്നവർക്ക് മറെറ ഭാഷ പഠിക്കാതെതന്നെ മനസ്സിലാകം, കൈകാര്യം ചെയ്യുകയുമാവാം. അന്നത്തെ പഞ്ചാബ് സ്റ്റേററിൽ അമ്പത്തഞ്ചു ശതമാനത്തോളം ജനങ്ങരം ഹിന്ദുക്കളായിരുന്നു. ഇവരുടെ മാതൃഭാഷയായി രേഖപ്പെടുത്തപ്പെട്ടിരുന്നത് ഹിന്ദിയാണ്. അന്നോളം പഞ്ചാബി സംസാരിച്ചിരുന്നവർ പെട്ടെന്നു ഹിന്ദി സംസാരിക്കാനും, തങ്ങളുടെ കട്ടികളെ ഹിന്ദിമാദ്ധ്യമത്തിലൂടെ പഠിപ്പിക്കണമെന്നാവശ്യപ്പെടാനും തുടങ്ങി. ഈ പരിതഃസ്ഥിതിയിൽ, ഹിന്ദിക്കം പഞ്ചാബിക്കം ഒരുപോലെ പ്രോത്സാഹനം നൽകി. ഒരു ഉഭയഭാഷാസംസ്ഥാനമായി പഞ്ചാബിനെ നിലനിർത്തുവാനാണ് ദേശീയ നേതൃത്വം ആദ്യം ശ്രമിച്ചത്. പത്തു ജില്ലകരം ഉണ്ടായിരുന്നതിൽ ആറെണ്ണത്തിൽ പഞ്ചാബിക്കം നാലെണ്ണത്തിൽ ഹിന്ദിക്കം ഭരണഭാഷാപദവിയും വിദ്യാഭ്യാസമാദ്ധ്യമപദവിയും നൽകപ്പെട്ടു. പഞ്ചാബിഭാഷാപ്രദേശത്ത് ഹിന്ദിയും ഹിന്ദിഭാഷാപ്രദേശത്ത് പഞ്ചാബിയും പഠിപ്പിക്കാൻ ഏർപ്പാടുണ്ടാക്കി. ഇതാണ് പ്രഖ്യാതമായ 'സച്ചർ ഫോർമുല'. പക്ഷേ, ഇതു രണ്ടു ഭാഷക്കാരെയും തൃപ്തിപ്പെടുത്തിയില്ല. ഒടുവിൽ പഞ്ചാബും

പെപ്സുവും ഒന്നിച്ച ചേർക്കുകയും, ഈ സംയുക്തസംസ്ഥാനം പഞ്ചാബ്, ഹരിയാന എന്ന രണ്ടു സംസ്ഥാനങ്ങളായി വിഭജിക്കുകയും വേണ്ടി വന്നു. പഞ്ചാബിൽ പഞ്ചാബിയും ഹരിയാനയിൽ ഹിന്ദിയും മുഖ്യ ഭാഷകളായി. സിക്കുകാർക്കു് അവർ ആഗ്രഹിച്ചിരുന്ന 'പഞ്ചാബി സുബ' കൈവന്നതായി തോന്നി.

പക്ഷേ, സിക്കുകാർ ഈ പഞ്ചാബിഭാഷാ സംസ്ഥാനംകൊണ്ടു തൃപ്തരായില്ല. അവരുടെ ആവശ്യം യഥാർത്ഥത്തിൽ, ഒരു ഭാഷാസംസ്ഥാനമായിരുന്നില്ല. അവർക്കു വേണ്ടതു് മതാധിഷ്ഠിതമായ ഒരു സിക്കു് സംസ്ഥാനം ആയിരുന്നു. സിക്കുകാർ അന്നെല്ലാം രാഷ്ട്രീയാടിസ്ഥാനത്തിൽ 'അകാലികരം' എന്നും 'നാഷണലിസ്റ്റുകരം' എന്നും രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. മതപരമായി യാഥാസ്ഥിതികരായ സിക്കുകാരാണു് അകാലികരം. മതനിഷ്ഠയുള്ള സിക്കുകാരനു കാലൻ (മരണം) ഇല്ലെന്ന അർത്ഥത്തിലാണത്രേ ഇവർ സ്വയം 'അകാലികരം' എന്നു വിളിക്കുന്നതു്. നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മിക്കപ്പോഴും അകാലികരം തോൽക്കുകയാണു പതിവു്. കാരണം, അതാതു നിയോജകമണ്ഡലങ്ങളിലെ ഹിന്ദുക്കളുടെ വോട്ടുകരം സാധാരണയായി അകാലികരംക്കെതിരായിരിക്കും. നാഷണലിസ്റ്റുകരം പ്രായേണ കോൺഗ്രസ് സംഘടനയോടു ചേർന്നുനിൽക്കുന്നവരാണു്. അതിനാൽ ഹിന്ദുക്കളുടെ വോട്ടു നേടി അവർ തെരഞ്ഞെടുപ്പുകളിൽ ജയിച്ചുവന്നു. പഞ്ചാബിലെ രാഷ്ട്രീയാധികാരം നാഷണലിസ്റ്റ് സിക്കുകാരുടെ കൈകളിൽ ഉറച്ചതു പോലെ തോന്നി.

അതേസമയം, സിക്കുകാർക്കു സ്വന്തമായ ഒരു കർമ്മമണ്ഡലവും, അവിടെ അധികാരം കൈവശപ്പെടുത്തുന്നതിനു് സിക്കുകാർക്കു മാത്രം വോട്ടവകാശമുള്ള ഒരു തെരഞ്ഞെടുപ്പു് ഏർപ്പാടുമുണ്ടു്. സിക്കുകാരുടെ ആരാധനാലയങ്ങളായ 'ഗുരുദ്വാര'കരം ധാരാളം സ്വത്തുള്ള സ്ഥാപനങ്ങളാണു്. ഇവയുടെ ഭരണത്തിനു്, കേരളത്തിലെ ദേവസ്വം ബോർഡുകരം പോലെ, നിയമപ്രകാരം സംഘടിപ്പിക്കപ്പെട്ടതാണു് 'ശിരോമണി ഗുരുദ്വാരാ പ്രബന്ധക് കമ്മിററി'. ഈ കമ്മിററിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു പ്രായപൂർത്തിയെത്തിയ എല്ലാ സിക്കുകാരുടെയും വോട്ടെടുത്താണു്. പ്രബന്ധക് കമ്മിററിയിലേക്കുള്ള തെരഞ്ഞെടുപ്പിനു് ഏതാണ്ടൊരു പൊതുതെരഞ്ഞെടുപ്പിനുള്ളത്ര പ്രാധാന്യമുണ്ടു്. പ്രബന്ധക് കമ്മിററിയിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ എപ്പോഴും നാഷണലിസ്റ്റ് സിക്കുകരം തോല്ക്കുകയും അകാലികരം ജയിക്കുകയുമാണു പതിവു്. ഇതു കാണിക്കുന്നതു് സിക്കു് സമുദായത്തിന്റെ പൂർണപിന്തുണ അകാലികരംക്കു് ആണെന്നും, എങ്കിലും, പൊതുനിയോജകമണ്ഡലങ്ങരം നിലനില്ക്കുന്ന കാലത്തോളം തെരഞ്ഞെടുപ്പിലൂടെ രാഷ്ട്രീയാധികാരം കൈയടക്കാൻ ഹിന്ദുക്കരം അകാലികളെ അനുവദിക്കുകയില്ലെന്നുമാണല്ലോ. അതിനാൽ സിക്കുകാർക്കു രാഷ്ട്രീയാധികാരം വേണമെങ്കിൽ ഒരു സിക്കിസ്ഥാൻ സ്ഥാപിക്കപ്പെടുകതന്നെ വേണം. 'സിക്കിസ്ഥാൻ' എന്നല്ല, 'ഖാലിസ്ഥാൻ' എന്നാണു് സിക്കുകാർ പറയുന്നതു്. ഇന്ത്യയിൽ നിന്നു വിട്ടു സ്വതന്ത്രമായ ഒരു 'ഖാലിസ്ഥാൻ' സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു എന്നു വാദിക്കുന്ന തീവ്രവാദികളായ കുറെ സിക്കുകാർ ഉണ്ടു്. ഇങ്ങനെ സ്ഥാപിക്കപ്പെട്ട ഖാലിസ്ഥാന്റെ പരമാധികാര നിയമസഭയാണു് 'ഖാലിസ്ഥാൻ നാഷണൽ കൗൺസിൽ'. തങ്ങരം ഒരു സ്വതന്ത്ര രാഷ്ട്രമാണെന്നു സ്ഥാപിക്കാൻ 'ഖാലിസ്ഥാൻ പാസ്പോർട്ടു്' ഉണ്ടാക്കി ഇവർ വിതരണംചെയ്യുന്നുണ്ടു്. ഇത്തരമൊരു പാസ്പോർട്ടു് ഉപയോഗിച്ചാണു് ഈ കൗൺസിലിന്റെ അദ്ധ്യക്ഷനെന്നു പറയപ്പെടുന്ന ഡോ. ജഗ്ജിത്സിങ് ചൗഹാൻ അമേരിക്കയിൽ താമസിക്കുന്നതു്. അമേരി

ക്കയിലും കാനഡയിലും ബ്രിട്ടനിലുമുള്ള സമ്പന്നരായ സിക്കുകാർ ഖാലിസ്ഥാൻ വാദക്കാരെ കൈയയച്ച് സഹായിക്കുന്നുണ്ട്. അമേരിക്കൻ ഗവണ്മെൻറും ഇവർക്കു സഹായം നൽകുന്നതായി പറയപ്പെടുന്നു. ഖാലിസ്ഥാൻ നാഷണൽ കൗൺസിലിൻെറ സെക്രട്ടറി എന്നറിയപ്പെടുന്ന ബൽബീർസിംഹ് സന്ധു പഞ്ചാബിലെ അമൃതസരസ്സിൽ സുവർണ്ണക്ഷേത്രത്തോട് അനുബന്ധിച്ച് ഒരു കെട്ടിടത്തിൽ ഏറെക്കുറെ പരസ്യമായി ത്തന്നെ എത്രയോ വർഷങ്ങളായി പാർത്തുവന്നിരുന്നു. അടുത്തകാലത്ത് പത്രലേഖകരുമായി ഈയാൾ അഭിമുഖസംഭാഷണങ്ങൾ നടത്തി. സുവർണ്ണക്ഷേത്രത്തിൽ കടന്ന് ഈ നിയമവിരുദ്ധസംഘപ്രവർത്തകനെ അറസ്റ്റ്ചെയ്യാൻ പഞ്ചാബ് ഗവണ്മെൻേറാ, ഇന്ത്യാഗവണ്മെൻേറാ ഇതുവരെ തയ്യാറായിട്ടില്ല. ഇതിനർത്ഥം 'ഖാലിസ്ഥാൻ' അനുകൂലികൾ പഞ്ചാബിൽ സ്വതന്ത്ര പ്രവർത്തനം നടത്തിവരുന്നുണ്ടെന്നാണ്. പാലസ്റ്റൈൻ സ്വാതന്ത്ര്യപ്രശ്നത്തോടാണ് ഖാലിസ്ഥാൻ സ്വാതന്ത്ര്യപ്രശ്നത്തെ ഇവർ തുല്യപ്പെടുത്തുന്നത്. ഖാലിസ്ഥാൻപ്രശ്നം ഐക്യരാഷ്ട്രസമിതിയിലും മററും വാദവിഷയമാക്കുവാൻ ഇവർ അത്യദ്ധ്വാനംചെയ്തുവരുന്നു.

അടിയന്തരാവസ്ഥയ്ക്കുശേഷം ഇന്ദിരാഗാന്ധി ഉത്തരേന്ത്യയിൽ മുഴുവൻ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട കാലത്ത് പഞ്ചാബിൽ അകാലിദൾ, ജനതാപാർട്ടിയുടെയും ജനസംഘത്തിൻെറയും സഹായം നേടി. പൊതുതെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നു. കേന്ദ്രത്തിൽ ജനതാഗവണ്മെൻറ് തമ്മിലടിച്ചു തകരുകയും, ഇന്ദിരാഗാന്ധി വീണ്ടും തെരഞ്ഞെടുപ്പിലൂടെ പ്രധാനമന്ത്രിയായിത്തീരുകയുംചെയ്തപ്പോൾ, 1980—ൽ, പ്രകാശസിംഹ് ബാദൽ മുഖ്യമന്ത്രിയായിരുന്ന അകാലിദൾ മന്ത്രിസഭ ഡിസ്മിസ്ചെയ്യപ്പെട്ടു. തുടർന്ന് പഞ്ചാബ് നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ആകെയുള്ള 117 സീററുകളിൽ 67 സീററുകൾ ഇന്ദിരാകോൺഗ്രസ്സിനു കിട്ടി. ഇന്ദിരാകോൺഗ്രസ്സിൻെറ നേതാവെന്ന നിലയിൽ ദർബാറാസിംഹ് മുഖ്യമന്ത്രിയുമായി. ഇപ്പോഴും മുഖ്യമന്ത്രി ദർബാറാസിംഹ്തന്നെ. ഇതോടെ കോൺഗ്രസ് മന്ത്രിസഭയ്ക്കെതിരായ പ്രക്ഷോഭണം അകാലികൾ ആരംഭിച്ചു. കഴിഞ്ഞ പതിമ്മൂന്നു വർഷമായി 'ശിരോമണി ഗുരുദ്വാരാ പ്രബന്ധക് കമ്മിററി'യുടെ ചെയർമാനായി പ്രവർത്തിക്കുന്ന ഗുരുചരൺ തോഹ്ര ഈ പ്രക്ഷോഭണത്തെ അനുകൂലിക്കുന്നു. അതായത് ഗുരുദ്വാരാ പ്രബന്ധക് കമ്മിററി ഈ പ്രക്ഷോഭണത്തിൻെറ പിന്നിലുണ്ട്. ഗുരുദ്വാരകൾ മുഴുവൻ പ്രക്ഷോഭണകേന്ദ്രങ്ങളുമാണ്. എന്നാൽ, പ്രക്ഷോഭണത്തിൻെറ നേതൃത്വം നിക്ഷിപ്തമായിരിക്കുന്നത് സന്ത്ഹർചന്ദ്സിംഹ് ലോംഗോവാൽ എന്ന മതനേതാവിലാണ്. മൊത്തം നാല്പത്തഞ്ച് ആവശ്യങ്ങളാണ് അകാലികൾ ഉന്നയിക്കുന്നത്. 'ഗുരുവാണി' (സിക്കുകാരുടെ വിശുദ്ധ ഗ്രന്ഥസാഹിബിലെ കീർത്തനങ്ങളും മററും) റേഡിയോവിൽ പ്രക്ഷേപണം ചെയ്യുക, അമൃത്സർ വിശുദ്ധനഗരമായി പ്രഖ്യാപിക്കുക, ആ നഗരത്തിൽ പുകയിലയും മദ്യവും വില്ക്കുന്നതു തടയുക, ബോംബെയിൽനിന്ന് അമൃത്സറിലേക്കു പോകുന്ന തീവണ്ടിക്ക് 'സുവർണക്ഷേത്ര എക്സ്പ്രസ്' എന്നു പേരിടുക മുതലായവയാണു ചില 'ഡിമാൻഡു'കൾ. ഇവയിൽ മതപരമായ ആവശ്യങ്ങളെല്ലാം അനുവദിച്ചതായി അടുത്ത കാലത്ത് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ചു.

പഞ്ചാബും പെപ്സുവും കൂട്ടിച്ചേർത്ത് ഭാഷയുടെ അടിസ്ഥാനത്തിൽ പഞ്ചാബ്, ഹരിയാന എന്നു രണ്ടു സംസ്ഥാനങ്ങളായി വിഭജിച്ചപ്പോൾ, ചണ്ഡീഗഢ് എന്ന പുതിയ ആസൂത്രിതനഗരം രണ്ടു സ്റ്റേററുകൾക്കും പൊതുതലസ്ഥാനമാക്കി നിലനിർത്തുകയാണുണ്ടായത്. ചണ്ഡീഗഢ് പൂർണമായും പഞ്ചാബിനു വിട്ടുകിട്ടണമെന്നതാണ് അകാ

ലികളുടെ ഒരു ആവശ്യം. 1970–ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി, ചണ്ഡീഗഢ് പഞ്ചാബിനു കൊടുക്കാൻ സമ്മതിച്ചു. പകരം ഹിന്ദി സംസാരിക്കുന്നവർക്കു ഭൂരിപക്ഷമുള്ള ഫാസിൽക്ക, അബോഹർ എന്ന രണ്ടു തഹ്സീലുകൾ (താലൂക്കുകൾ) പഞ്ചാബിൽനിന്നെടുത്തു ഹരിയാന യിൽ ചേർക്കണമെന്നു നിർദേശിക്കുകയുംചെയ്തു. ഈ തീരുമാനം ഇനി യും നടപ്പിൽ വരുത്തിയിട്ടില്ല. താലൂക്കുകൾ വിട്ടുകൊടുക്കില്ലെന്നും, അതേസമയം തലസ്ഥാനനഗരം കിട്ടിയേ തീരൂ എന്നുമാണ് അകാലി കളുടെ ഒരാവശ്യം. ഈ ആവശ്യത്തോടു് പഞ്ചാബിലെ ദർബാറാ സിംഹ് മന്ത്രിസഭയും യോജിക്കുന്നുണ്ടു്; പക്ഷേ, ഹരിയാനയിലെ മന്ത്രിസഭ ഈ ആവശ്യത്തെ എതിർക്കുന്നു. രണ്ടും ഇന്ദിരാകോൺഗ്രസ് മന്ത്രിസഭകൾതന്നെ.

മററൊരു മുഖ്യ തർക്കവിഷയം പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്കിടയിൽ നദീജലവിഭജനം സംബന്ധിച്ചതാ ണ്. പഞ്ചാബിൽ ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ ജലസേചനസംവി ധാനത്തെപ്പററി മുമ്പു പറഞ്ഞുവല്ലോ. ഇതത്രയും പാക്കിസ്ഥാനിൽ ചേർന്ന പടിഞ്ഞാറെ പഞ്ചാബിലായിപ്പോയി. അതിനാൽ, വിഭജന ത്തിനുശേഷം ഇന്ത്യയിൽ അവശേഷിച്ച കിഴക്കൻ പഞ്ചാബിൽ ജലസേ ചനത്തിനു പുതുതായി ഏർപ്പാടു് ഉണ്ടാക്കേണ്ടിവന്നു. പാക്കിസ്ഥാനു മായി നദീജലം സംബന്ധിച്ചു് ഉണ്ടാക്കിയ കരാറുകളനുസരിച്ചു്, സി ന്ധുവിന്റെ അഞ്ചു പോഷകനദികളിൽ ഝലം, ചീനാബ് എന്നീ നദി കളുടെ ജലം പാക്കിസ്ഥാനും, റാവി ബിയസ്, സത്‌ലജ് നദികളുടെ ജലം ഇന്ത്യയ്ക്കും കിട്ടി. ഇന്ത്യയ്ക്കു കിട്ടിയ നദീജലം പഞ്ചാബ്, ഹരി യാന, രാജസ്ഥാൻ സംസ്ഥാനങ്ങൾക്കിടയിൽ എങ്ങനെ വിഭജിക്കണ മെന്ന പ്രശ്നം ഇനിയും പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇതു സംബന്ധിച്ചു് ഒട്ടേറെ കരാറുകൾ ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ പഞ്ചാബിൽ ആകെയുള്ള ഭൂമിയിൽ 83 ശതമാനം സ്ഥലത്തും കൃഷിയുണ്ടു്. ജനസംഖ്യയിൽ 70 ശതമാനം പേർ കാർഷികവൃത്തിക ളിൽ ഏർപ്പെട്ടിരിക്കുന്നു. ജലസേചനത്തിനു് 1947 മുതൽ വലിയ തോ തിൽ പഞ്ചാബിൽ 'കേന്ദ്രഗവണ്മെൻറ്' മുതൽ മുടക്കി. ഇപ്പോൾ 14.20 ലക്ഷം ഹെക്ടർ സ്ഥലത്തു് തോട്ടുവെള്ളം കിട്ടും. 20 ലക്ഷം ഹെക്ടാർ സ്ഥലത്തു് കിണററിൽനിന്നു വെള്ളം പമ്പുചെയ്യേടുക്കണം. ഇതിനായി 5,70,000 കുഴൽക്കിണറുകൾക്കു വിദ്യുച്ഛക്തി നൽകിയിട്ടുണ്ടു്. കേരള ത്തിലേക്കാൾ കൂടുതൽ വിദ്യുച്ഛക്തി പഞ്ചാബിൽ ഉല്പാദിപ്പിക്കുന്നു. (കേ രളത്തിൽ 1011.5 മെഗാവാട്ട്; പഞ്ചാബിൽ 1385 മെ. വാ). നൂറു ശത മാനം വൈദ്യുതീകരണം നടന്ന സ്റ്റേററാണ് പഞ്ചാബ്. പഞ്ചാബിൽ ഇഷ്ടംപോലെ ഭൂഗർഭജലമുണ്ടു്. എന്നാലും കുഴൽക്കിണറുകളിൽനിന്നു വെള്ളമെടുത്തു നനയ്ക്കുന്നതിനു്, തോട്ടുവെള്ളംകൊണ്ടു നനയ്ക്കുന്നതിനേ ക്കാൾ, മൂന്നുമുതൽ ഒമ്പതുവരെ ഇരട്ടി ചെലവു കൂടുതൽ വരുമത്രേ. അതിനാൽ, ഹരിയാനയ്ക്കു പഞ്ചാബ് നദികളിൽനിന്നു വെള്ളം കൊടുക്കു ന്നതു ചുരുക്കുകയും, രാജസ്ഥാനിൽനിന്നു വെള്ളം കൊടുക്കുന്നതു തീരെ നിർത്തുകയും വേണമെന്ന് അകാലികൾ ശഠിക്കുന്നു. അതേസമയം, മിക്കവാറും മരുഭൂമി ആയ രാജസ്ഥാനിൽ മററൊരിടത്തുനിന്നും വെള്ളം കൊണ്ടുവരാൻ സാദ്ധ്യതയില്ലെന്ന വസ്തുതയും ഓർക്കേണ്ടതാണ്. അകാ ലികളുടെ ആവശ്യങ്ങളിൽ, പൂർണമായും നിറവേററിക്കൊടുക്കാനാവാ ത്ത ഒന്നു് ഈ നദീജലവിഭജനം സംബന്ധിച്ചതാണ്. ഈ പ്രശ്നം കോടതികളുടെ മുമ്പിലും സമർപ്പിക്കപ്പെട്ടിട്ടുണ്ടു്.

ഇന്ത്യയിൽനിന്നു വിട്ടു്, ഒരു സ്വതന്ത്ര സിക്ക് രാഷ്ട്രമെന്ന പദവി പഞ്ചാബിനു വേണമെന്നു് അകാലികൾ ആവശ്യപ്പെടുന്നുണ്ടോ? അങ്ങ

നെ ആവശ്യപ്പെടുന്ന 'ഖാലിസ്ഥാൻ നാഷണൽ കൗൺസിലി'ന്റെ പ്രവർത്തകർക്ക് അവർ സംരക്ഷണം നൽകുന്നുണ്ടെന്നു തീർച്ചയാണ്. സിക്കുകാർ ഒരു സമുദായം (കൗം) മാത്രമല്ല, പ്രത്യേക വർഗം (നസ്ള്) കൂടി ആണ് എന്നു വാദിക്കുന്നവർ അകാലികൾക്കിടയിലുണ്ട്. അകാലികൾ 'ആനന്ദ്പൂർസാഹിബ്' എന്ന ഗുരുദ്വാരയിൽ സമ്മേളിച്ചു പാസ്സാക്കിയ അവ്യക്തപ്രമേയത്തിനു പൂർണസ്വാതന്ത്ര്യംമുതൽ സംസ്ഥാനങ്ങൾക്കിടയിൽ സവിശേഷപദവിവരെ, എന്തും അർത്ഥമാവാം. ഈ പ്രമേയത്തെ പിടിച്ച് അകാലികൾ ഇടയ്ക്കിടെ ആണയിടുന്നുണ്ട്. കേന്ദ്രസംസ്ഥാനബന്ധങ്ങൾ പരിശോധിച്ചു പുതുതായി നിർവചിക്കുന്നതിനു ജസ്റ്റിസ് സാർക്കാരിയയെ ഒരു കമ്മീഷനായി ഇന്ദിരാഗാന്ധി നിയമിച്ചതു് ഈ പ്രമേയത്തിലടങ്ങിയ ആവശ്യത്തെ തൃപ്തിപ്പെടുത്താനാണ്. പക്ഷേ, അകാലികൾ അതിൽ സംതൃപ്തരല്ല. തങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭണം അവർ ഉഗ്രമായി തുടർന്നുവരികയാണ്.

1980 ഓഗസ്റ്റിൽ അകാലികൾ ഇപ്പോഴത്തെ പ്രക്ഷോഭണം ആരംഭിച്ചു. ഒരു കൊല്ലത്തിനകം 25000 പ്രക്ഷോഭകർ അറസ്റ്റ് വരിച്ചു. ഇതിനിടയ്ക്കാണ് അകാലിപ്രക്ഷോഭണത്തെ എതിർത്തിരുന്ന ലാലാ ജഗത് നാരായണൻ എന്ന പത്രാധിപർ വധിക്കപ്പെട്ടതു്. ജഗത്നാരായണന്റെ വധത്തിനുവേണ്ടി ഗൂഢാലോചന നടത്തിയെന്ന കുറ്റത്തിന് സന്ത് ജാർണൈൽസിംഹ് ഭിന്ദ്രൻവാലേ എന്ന സിക്ക് നേതാവിനെ 'ചാക്ക്മേഹ്ത' ഗ്രാമത്തിൽവച്ച് അറസ്റ്റ്ചെയ്യുന്നതിനോടനുബന്ധിച്ച് ഉണ്ടായ പോലീസ് വെടിവെയ്പിൽ എത്രയോ ആളുകൾ മരിച്ചു. പിന്നീട് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഇടപെട്ട് ഭിന്ദ്രൻവാലയെ നിരുപാധികം മോചിപ്പിച്ചു. ഇയാൾ ഇപ്പോൾ അമൃതസരസ്സിലെ സുവർണ്ണക്ഷേത്രത്തിൽ ആയുധധാരികളായ പരിവാരങ്ങളോടുകൂടി പാർത്തു പ്രക്ഷോഭണം നയിച്ചുവരികയാണ്.

പഞ്ചാബിലെ ഫെറോസ്പൂർ ജില്ലയിൽ 'ഭിന്ദ്രൻകലാൻ' വില്ലേജിൽ ജനിച്ച ആൾ എന്നേ 'ഭിന്ദ്രൻവാലേ' എന്ന വാക്കിന് അർത്ഥമുള്ളു. എന്നാൽ, സന്ത് ജാർണൈൽസിംഹ് ഭിന്ദ്രൻവാലേ ജനിച്ചതു് 'ഭിന്ദ്രൻകലാ'നിലല്ല; ഫരീദ്കോട്ട് ജില്ലയിലെ 'റോഡി' എന്ന വില്ലേജിലാണ്. ജോഗീന്ദർസിംഹ് ബ്രാർ എന്ന ജാട് കർഷകന്റെ ഏഴാമത്തെ പുത്രനായ ജാർണൈൽസിംഹ് അഞ്ചാംക്ലാസുവരെയേ പഠിച്ചിട്ടുള്ളു. ഗുരുമുഖി ലിപിയിൽ പഞ്ചാബി വായിക്കാനും എഴുതാനും അയാൾക്കറിയാം. ഭിന്ദർകലാൻ ഗ്രാമത്തിലെ സന്ത്ബാബാസിംഹ് എന്ന മതനേതാവിന്റെ ശിഷ്യനായി അയാൾ ബാല്യത്തിൽ സിക്ക് മതഗ്രന്ഥങ്ങൾ പഠിച്ചു. പതിനെട്ടാം വയസ്സിൽ പഞ്ചാബിലും, പാട്ന, ബോംബെ മുതലായ നഗരങ്ങളിലും സിക്ക്മതം പ്രചരിപ്പിക്കാൻ തുടങ്ങി. 1966–ൽ പ്രീതംകൗർ എന്ന സ്ത്രീയെ വിവാഹംചെയ്തു. ഇപ്പോൾ രണ്ടു മക്കളുണ്ട്. ഭിന്ദ്രൻവാലേക്ക് ഇപ്പോൾ മുപ്പത്താറു വയസ്സായി.

1977–ൽ ഗുരുബാബാസിംഹ് മരിച്ചപ്പോൾ ഇയാൾ ഭിന്ദ്രൻകലാനിലെ മതകേന്ദ്രത്തിന്റെ അധിപതിയായി. അതോടെ 'സന്ത്' എന്ന ബിരുദവും പാരമ്പര്യമായി കിട്ടി. പിന്നീട് ഭിന്ദ്രൻവാലേ തന്റെ ആസ്ഥാനം അമൃത്സാറിനടുത്തു് 'മേഹ്താചൗക്ക്' എന്ന ഗ്രാമത്തിലേക്കു മാറ്റി. ഇവിടെ 'ഗുരുദർശൻ പ്രകാശ്' എന്ന പേരിൽ ഒരു ഗുരുദ്വാര പണിയാൻ വേണ്ട സ്ഥലവും പണവും ശിഷ്യന്മാർ ഇയാൾക്കു നൽകി.

ഭിന്ദ്രൻവാലേ കടുത്ത യാഥാസ്ഥിതികനാണ്. രാവിലെ മൂന്നു മണിക്ക് എഴുന്നേറ്റു പ്രാർത്ഥിക്കും. സസ്യഭക്ഷണം. ചായപോലും കുടിക്കില്ല. മുട്ടോളം നീണ്ട അടിയുടുപ്പും (കഛാ) ഒരു ഗൗണുമാണു

വേഷം. കൈയിൽ എപ്പോഴും ഒരു ഇരുമ്പുശൂലം പിടിച്ചിരിക്കും. സിക്കുഗുരു ഗോവിന്ദസിംഹൻെറ ചിത്രങ്ങളെ അനുകരിച്ചാണ് ഈ ശൂലധാരണം. ഇതിനു പുറമേ അരയിൽ ഒരു വാളും കൈത്തോക്കുമുണ്ടാവും; ചുമലിൽ വെടിയുണ്ടമാലകളും. ഈ ആയുധങ്ങൾ ആത്മരക്ഷയ്ക്കാണത്രേ. സിക്കുകാർ മാത്രമല്ല, ഹിന്ദുക്കളും മുസ്ലിങ്ങളും അതാതു മതാചാരങ്ങൾ സംബന്ധിച്ചിടത്തോളം യാഥാസ്ഥിതികരായിരിക്കണമെന്നു ഭിന്ദ്രൻവാലേ കരുതുന്നു. 'നിരങ്കാരികൾ' എന്ന സിക്ക് പരിഷ്കരണവാദികളാണ് ഭിന്ദ്രൻവാലേയുടെ ഏററവും വലിയ ശത്രുക്കൾ. 1978-ൽ വൈശാഖമാസത്തിലെ തീർത്ഥസ്നാനാവസരത്തിൽ അമൃതസരസിലെ സുവർണക്ഷേത്രത്തിൽവച്ചു നിരങ്കാരികളുമായി നടന്ന ഒരു വെടിവയ്പിലാണ് ഭിന്ദ്രൻവാലേ ആദ്യമായി പ്രസിദ്ധിയിലേക്കുയർന്നത്. ഈ വെടിവയ്പിൽ പതിനെട്ടുപേർ കൊല്ലപ്പെട്ടു. പക്ഷേ, തുടർന്നുണ്ടായ കേസിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. നിരങ്കാരികളുടെ ഗുരു ബാബാ ഗുർ ബചൻസിംഹ്, പത്രാധിപർ ലാലാ ജഗത്നാരായണൻ, ഈയിടെ സുവർണക്ഷേത്രനടയിൽ വെടിവച്ചു കൊല്ലപ്പെട്ട ജലന്ധർ ഡി. ഐ. ജി. അവതാർസിംഹ് അത്വാൽ മുതലായവരുടെ കൊലകൾ ഈ വെടിവയ്പിൻെറ തുടർച്ചകളാണ്. ജഗത് നാരായൺകൊലക്കേസിൽ പ്രതിയായിട്ടും ഭിന്ദ്രൻവാലേയെ അറസ്റ്റ് ചെയ്യാൻ പോലീസ് ധൈര്യപ്പെട്ടില്ല. ഒടുവിൽ, സ്വന്തം ഇഷ്ടമനുസരിച്ച്, താൻ തെരഞ്ഞെടുത്ത സ്ഥലത്തും, സമയത്തും, ഭിന്ദ്രൻവാലേ പോലീസിനു കീഴടങ്ങി. ഇതു പൊതുജനദൃഷ്ടിയിൽ ഭിന്ദ്രൻവാലേയെ ഒരു ഇതിഹാസനായകൻെറ പദവിയിലേക്കുയർത്തി. ഇന്ദിരാഗാന്ധി ഇടപെട്ട് ഭിന്ദ്രൻവാലേയെ വാക്കാൽ ജാമ്യംപോലും വാങ്ങാതെ മോചിപ്പിച്ച വസ്തുത മുമ്പു പറഞ്ഞുവല്ലോ. ഈ കേസിൽ അറസ്റ്റ്ചെയ്യപ്പെട്ട മററ് ഏതാനും സിക്കുകാരെ മോചിപ്പിക്കുന്നതിനുള്ള പ്രക്ഷോഭണം നയിച്ചുകൊണ്ട് സുവർണക്ഷേത്രത്തിലെ 'ഗുരുനാനാക് നിവാസ്' എന്ന കെട്ടിടത്തിൽ, ആയുധധാരികളായ അകമ്പടിക്കാരുടെ മദ്ധ്യത്തിൽ ഭിന്ദ്രൻവാലേ വിരാജിച്ചരുളുന്നു. അകാലിനേതാക്കളായ ലോംഗോവാലും മററും ഈ പുണ്യപുരുഷനെ കൂടെക്കൂടെ കണ്ട് ഉപദേശം വാങ്ങുന്നു. ഭിന്ദ്രൻവാലേയുടെ സ്വാധീനം സിക്ക് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുകയാണത്രേ. അവർ തലമുടിയും താടിയും കത്രിച്ച് നീളം കുറയ്ക്കാതായിരിക്കുന്നു. കൃത്യമായി ഗുരുദ്വാരയിലെത്തുന്നു. ഗുരുഗ്രന്ഥസാഹിബ് പാരായണംചെയ്യുന്നു. സിക്കുകാർ ഒരു പ്രത്യേക ജനവർഗമാണെന്നും അവർക്കു പ്രത്യേക സ്വതന്ത്രരാഷ്ട്രമാകാനുള്ള അർഹതയുണ്ടെന്നും വിശ്വസിച്ചുതുടങ്ങിയിരിക്കുന്നു.

പഞ്ചാബിലെ ഗുരുദ്വാരകളുടെ ഭരണം ശിരോമണി ഗുരുദ്വാരാ പ്രബന്ധക് കമ്മററിയിൽ നിയമപ്രകാരം നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ഇതുപോലെ ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലുള്ള ഗുരുദ്വാരകളുടെ ഭരണവും പ്രബന്ധക് കമ്മററിക്കു വിട്ടുകൊടുക്കുന്ന നിയമം നിർമിക്കണമെന്നതാണ് അകാലികളുടെ മറെറാരു പ്രധാനാവശ്യം. മുസ്ലിങ്ങളും ക്രിസ്ത്യാനികളുംപോലെ ഒരു വ്യത്യസ്ത ന്യൂനപക്ഷജനവിഭാഗമായി സിക്കുകാരെ അംഗീകരിക്കണമെന്നും അവർ ആവശ്യപ്പെടുന്നുണ്ട്. ഇപ്പോൾ ഹിന്ദു കോഡ് ബില്ല് ആണ് സിക്കുകാരെ സംബന്ധിച്ച വൈയക്തികനിയമം. ബുദ്ധമതക്കാർ, സിക്കുകാർ, ആര്യസമാജക്കാർ തുടങ്ങിയവരെ ഹിന്ദുക്കളായേ ഇപ്പോൾ കണക്കാക്കുന്നുള്ളു. അതു പോരെന്നും തങ്ങൾക്കൊരു പ്രത്യേക ന്യൂനപക്ഷപദവി നൽകണമെന്നും, മുസ്ലിങ്ങൾക്കുള്ളതുപോലെ പ്രത്യേക വൈയക്തികനിയമം സിക്കുകാർക്കും ഉണ്ടാക്കണമെന്നും ശിരോമണി ഗുരുദ്വാരാ പ്രബന്ധക് കമ്മററിയുടെ അദ്ധ്യക്ഷനായ ഗുരുചരൺസിംഹ് തോറാ ആവശ്യപ്പെട്ടിട്ടുണ്ട്.

തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിച്ച് 1982 ഒക്ടോബറിൽ ഡൽഹിയിൽ പാർലമെൻറിനു മുമ്പിൽ അകാലികൾ പ്രകടനം നടത്തി. സാധാരണ അകാലികളുടെ പ്രകടനങ്ങളെല്ലാം ചോര ചൊരിയുന്നതിലാണ് അവസാനിക്കുക. പാർലമെൻറിനു മുമ്പിലുള്ള അകാലിപ്രകടത്തിൽ നാലുപേർ മരിച്ചു. 1983 ഏപ്രിലിൽ പഞ്ചാബിലൊട്ടുക്ക് അവർ നടത്തിയ 'വഴിമുടക്കു'സമരത്തിൽ ഇരുപത്തൊന്നു മരണങ്ങളുണ്ടായി.

സമാധാനപരമായ പ്രക്ഷോഭണംകൊണ്ട് ഒരു സ്വതന്ത്ര സിക്ക് രാഷ്ട്രസ്ഥാപനമെന്ന ലക്ഷ്യം നേടാൻ കഴിയുമെന്ന് അകാലികൾ വിശ്വസിക്കുന്നുണ്ടോ? ഇല്ലെന്നാണു തോന്നുന്നത്. പിരിഞ്ഞുപോയ പട്ടാളക്കാരുടെ പിന്തുണ തങ്ങളുടെ സമരത്തിനു നേടുവാനായി 1982 ഡിസംബറിൽ അമൃതസരസ്സിൽ അകാലികൾ സംഘടിപ്പിച്ച സമ്മേളനത്തിൽ അയ്യായിരം മുൻപട്ടാളക്കാർ (എക്സ്സർവീസ് മെൻ) പങ്കെടുത്തു. ഇവരിൽ, ഉദ്യോഗത്തിൽനിന്നു പിരിഞ്ഞ ആറു ജനറൽമാരും അറുപത്തിമൂന്നു കേണൽമാരും ഇരുപത്തേഴു ബ്രിഗേഡിയർമാരും അടക്കം എത്രയോ ഓഫീസർമാർ ഉണ്ടായിരുന്നു. അകാലികളുടെ സമരത്തിൽ സഹായിക്കാനായി സിക്കുകാരായ മുൻ പട്ടാളക്കാരുടെ ഒരു സെൽ ഈ സമ്മേളനത്തിൽവെച്ചു രൂപവൽക്കരിക്കപ്പെട്ടു. പട്ടാളത്തിൽനിന്നു പിരിഞ്ഞ സിക്കുകാരുടെ എണ്ണം ഇരുപതു ലക്ഷത്തോളംവരുമത്രേ. ഇവരെ അകാലികൾ സംഘടിപ്പിക്കുന്നതു് സമാധാനപരമായ സത്യാഗ്രഹം നടത്താനാണോ?

തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതു് ഒരു 'ധർമയുദ്ധം' (മതം രക്ഷിക്കുന്നതിനുവേണ്ടിയുള്ള യുദ്ധം) ആണെന്ന് അമൃത്സറിലെ സുവർണക്ഷേത്രത്തിൽവെച്ച് അകാലിനേതാക്കൾ പ്രസ്താവിക്കുകയുണ്ടായി. ഈ യുദ്ധം വിജയംവരെ തുടർന്നു നടത്തുന്നതിന് പഞ്ചാബിലെ 12,500 ഗ്രാമങ്ങളിൽനിന്ന് ഒരു ലക്ഷം യുവാക്കൾ അടങ്ങിയ ഒരു ചാവേററുപട സംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. 'സിർജീവാരേ' എന്ന പേരിൽ അറിയപ്പെടുന്ന ഈ പട ഏതാണ്ടൊരു ആത്മഹത്യാസേനയുടെ രൂപത്തിലാണു വിഭാവനംചെയ്യപ്പെട്ടിട്ടുള്ളതു്. ഇക്കഴിഞ്ഞ ഏപ്രിൽ 14—ാം തീയതി ഈ സേനയിലെ ആദ്യത്തെ അംഗങ്ങൾക്ക് 'രക്തസാക്ഷി പ്രതിജ്ഞ' സുവർണക്ഷേത്രത്തിൽവെച്ച് സന്ത് ലോംഗോവാൽ ചൊല്ലിക്കൊടുത്തു. ആയിരക്കണക്കിനു യുവാക്കൾ ഈ പ്രതിജ്ഞ ഏററുചൊല്ലി. അവരോട് സന്ത് ഭിന്ദ്രൻവാലേ പറഞ്ഞു: 'ഗുരുദ്വാരകളിൽ പോലീസ് കടന്നാൽ, ആരുടെയും കല്പനയ്ക്കു നിങ്ങൾ കാത്തുനിൽക്കരുതു്. നിങ്ങളുടെ വിശുദ്ധ ദൈവാലയങ്ങൾ സംരക്ഷിക്കാൻ ഉടൻ പൊരുതുക.' മററ് അകാലിനേതാക്കളും ഏറെക്കുറെ ഇതേ വിസ്ഫോടകഭാഷയാണു സംസാരിക്കുന്നതു്.

ഹിന്ദുക്കൾക്കും സിക്കുകാർക്കും ഇടയിൽ സൗഹാർദം അവസാനിക്കുകയും ശത്രുത വളരുകയുമാണ് ഇതിന്റെയെല്ലാം ഫലം. ഈ രണ്ടു സമുദായക്കാരും തമ്മിൽ ഈ മേയ് മാസത്തിൽ പാടിയാല നഗരത്തിൽ ഇദംപ്രഥമമായി ഉഗ്രമായ ലഹള പൊട്ടിപ്പുറപ്പെട്ടു. പോലീസ് ഊർജിത നടപടികൾ കൈക്കൊണ്ടതിന്റെ ഫലമായി സ്ഥിതി, ഇതെഴുതുമ്പോൾ, ശാന്തമാണ്; പക്ഷേ, പിരിമുറുക്കം അയഞ്ഞിട്ടില്ല. ഇന്നത്തെ നില തുടർന്നാൽ, പഞ്ചാബിലൊട്ടാകെ ഇത്തരം ലഹളകൾ ആവർത്തിച്ചുകൂടായ്കയില്ല.

വാസ്തവത്തിൽ സിക്കുകാരും ഹിന്ദുക്കളും തമ്മിൽ വ്യത്യാസം വളരെ കുറവാണ്. 'സിക്ക്' എന്നാൽ ശിഷ്യൻ എന്നർത്ഥം. നാനാക് മുതൽ ഗോവിന്ദസിംഹൻവരെയുള്ള ഒരു ഗുരുപരമ്പരയുടെ ശിഷ്യത്വം

അവകാശപ്പെടുന്നവനാണ് സിക്ക്. സിക്കമതം സ്ഥാപിച്ച ഗുരുനാനാക് ഈശ്വരനെ 'രാമൻ' എന്നത്രേ വിളിക്കുന്നതു്. ഹിന്ദുക്കളുടെ നിർഗ്ഗുണേശ്വരസങ്കല്പംതന്നെയാണ് സിക്കുകാരുടേതും. നാനാക്കിന്റെ ഉപദേശങ്ങളോടൊപ്പം രാമാനന്ദ്, കബീർ എന്നീ ഹൈന്ദവാചാര്യന്മാരുടെ സുഭാഷിതങ്ങളും സിക്കമതഗ്രന്ഥമായ 'ഗുരുഗ്രന്ഥസാഹിബി'ൽ അടങ്ങിയിരിക്കുന്നു. സിക്കുകാർ വിഗ്രഹാരാധനക്കെതിരാണ്. എങ്കിലും അവർ 'ഗ്രന്ഥസാബി'നെ സിംഹാസനത്തിൽ,കിടക്കയിൽ, തലയണകൾക്കിടയിൽ, പ്രതിഷ്ഠിക്കുകയും മധുരപലഹാരങ്ങൾ നിവേദിക്കുകയും ചെയ്യുന്നു. സിക്കുകാർ ക്ഷേത്രങ്ങളും ഹിന്ദുക്കൾ ഗുരുദ്വാരകളും സന്ദർശിച്ച വഴിപാടുചെയ്യുന്നു. ഹിന്ദുകുടുംബങ്ങളിൽ സിക്കുകാരും സിക്ക് കുടുംബങ്ങളിൽ ഹിന്ദുക്കളും ഉണ്ടാവുന്നതു് അപൂർവമല്ല. തുടരെത്തുടരെ ശിശുമരണം സംഭവിക്കുന്ന ഹിന്ദുകുടുംബങ്ങളിലെ അമ്മമാർ, അടുത്തു പിറക്കുന്ന കുട്ടിയെ സിക്ക് ആക്കി വളർത്താമെന്നു നേരുന്നു. ഹിന്ദുക്കളും സിക്കുകാരും തമ്മിൽ വിവാഹം ധാരാളമാണ്. സിക്കുകാർ മരിച്ചാൽ സംസ്കാരമെല്ലാം ഹിന്ദുക്കളുടേതുപോലെതന്നെ. ശ്രാദ്ധമില്ലെന്നുമാത്രം. ആകെക്കൂടി നോക്കിയാൽ ഹിന്ദുക്കളും സിക്കുകാരും തമ്മിലുള്ള വ്യത്യാസം, പ്രധാനമായും വേഷത്തിലാണ്. കേശം (നീണ്ട തലയും താടിയും), കംഘാ (തലയിൽ ധരിക്കുന്ന മരച്ചീർപ്പ്), കച്ഛം (വെളുത്ത അടിയുടുപ്പ്), കഡാ (ഇരുമ്പുവള), കൃപാണം (വാൾ) എന്നീ 'പഞ്ചകകാര'ങ്ങളാണ് സിക്കുകാരന്റെ സവിശേഷത. ഇവകൊണ്ടു മാത്രം സിക്കുകാർ ഒരു പ്രത്യേക ജനവർഗമാകുമോ? അവർ ഇന്ത്യൻ യൂണിയനിൽനിന്നു വിട്ട് സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കണമെന്നു വാദിക്കുന്നതു ശരിയാവുമോ?

പക്ഷേ, സംഗതികൾ എത്തിനില്ക്കുന്നതു് അവിടെയാണ്. നമ്മുടെ രാഷ്ട്രീയകക്ഷികൾ തമ്മിൽ അധികാരത്തിനുവേണ്ടി നടക്കുന്ന വടംവലിയും, തല്ക്കാലകാര്യസിദ്ധിക്കുവേണ്ടി നേതാക്കൾ അവലംബിക്കുന്ന തന്ത്രങ്ങളും, നേതാക്കൾക്കിടയിലെ സ്വകാര്യവൈരങ്ങളും, ചിലരുടെ മഹത്ത്വാകാംക്ഷകളും, മറ്റു ചിലരുടെ നൈരാശ്യങ്ങളും, രാജ്യത്തു പൊതുവേ കാണുന്ന ധർമച്യുതിയും, അഴിമതിയും, അരാജകത്വവും, എല്ലാം ചേർന്നാണ് അന്ധമായ ഈ പ്രക്ഷോഭണയന്ത്രത്തിന്റെ ഭ്രാന്തമായ പ്രവർത്തനത്തിനാവശ്യമായ വൈകാരികോർജം സൃഷ്ടിച്ചു നൽകുന്നതു്.

(11 മേയ്, 1983)

# 48. സിക്ക്‌രാഷ്ട്രവാദം

ഇന്ത്യൻ ഭരണഘടനയിലെ ഇരുപത്തഞ്ചാം വകുപ്പ് താഴെ ചേർക്കും വിധത്തിലാണ്.

1. 'പൊതുവായ ക്രമസമാധാനത്തിനും സദാചാരത്തിനും ആരോഗ്യത്തിനും (ഭരണഘടനയുടെ) ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി, മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും, മതവിശ്വാസപ്രഖ്യാപനം, മതം ആചരിക്കൽ, മതം പ്രചരിപ്പിക്കൽ എന്നിവയ്ക്കുള്ള അവകാശത്തിനും (ഇന്ത്യയിലെ)എല്ലാ വ്യക്തികൾക്കും തുല്യമായ അധികാരം ഉണ്ടായിരിക്കും.